## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ. 4457

26.06.2014 ൽ മറുപടിക്ക്

### തിരുവനന്തപുരത്ത് കിള്ളിയാർതീരത്ത് അനധികൃത കയ്യേറ്റങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ശിവൻകുട്ടി : | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | തിരുവനന്തപുരത്ത് കിള്ളിപ്പാലം മുതൽ ചിറമുക്ക് വരെയുള്ള കിള്ളിയാർ തീരത്ത് അനധികൃത കയ്യേറ്റങ്ങൾ ഉണ്ടാകുന്നത് കാരണം കിള്ളിയാറിന്റെ വീതി കുറഞ്ഞ് വെറും നീർച്ചാലായി മാറിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കിള്ളിയാർ തീരത്ത് അനധികൃത കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ടി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) | മണക്കാട് വില്ലേജിൽ 01.02.14 നാണ് റീസർവ്വേ പൂർത്തിയാക്കിയത്. ടി റീസർവ്വെ റിക്കാർഡുകളുടെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വെയറുടെ സഹായത്തോടെ കയ്യേറ്റം തിട്ടപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ടി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുത്തിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ